☎: General: 0471- 2312910, 2318153, 2318154, 2318155 Chairman: 2318150 Member Secretary: 2318151
E-mail: sajeevanpcb@yahoo.co.in FAX: 0471 - 2318134, 2318152
KERALA STATE POLLUTION CONTROL BOARD
കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ്
Pattom P.O., Thiruvananthapuram – 695 004
പട്ടം പി.ഒ., തിരുവനന്തപുരം - 695 004

LSO/MO/128/22570/LC.

പി.സി.ബി/എച്ച്.ഒ/ഇകെഎം/പിഎച്ച്-കെഎംആർഎൽ/2018 തീയതി : 21/06/2018

# അറിയിപ്പ്

(കേന്ദ്ര പരിസ്ഥിതി, വനം വകുപ്പ് മന്ത്രാലയത്തിന്റെ 14-09-2006-ലെ എസ്.ഒ നമ്പർ 1533 വിഞ്ജാപന പ്രകാരം പ്രസിദ്ധപ്പെടുത്തുന്നത്.)

കൊച്ചി മെട്രോ റെയിൽ ലിമിറ്റഡ് വിവിധ ഗതാഗത മാർഗ്ഗങ്ങൾ സംയോജിപ്പിച്ചു കൊണ്ട് കൊച്ചി വാട്ടർ മെട്രോ പ്രോജക്ട് എന്ന പദ്ധതി സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നു. 78.2 കിലോമീറ്റർ ചാനൽ ദൈർഘ്യവും രണ്ട് ബോട്ട്യാർഡുകളും ഉൾപ്പെടുന്ന 10 ദ്വീപുകളിലായി 45 ടെർമിനലുകൾ ബന്ധിപ്പിച്ച് 15 തെരഞ്ഞെടുക്കപ്പെട്ട റൂട്ടുകൾ നിർദ്ദിഷ്ട പദ്ധതി നിർദ്ദേശിക്കുന്നു. പ്രോജക്ടിലെ മുഖ്യ നിർമ്മാണ പ്രവർത്തനം 45 ബോട്ട് ടെർമിനലുകളുടെയും 2 ബോട്ട് യാർഡുകളുടെയും നിർമ്മാണമാണ്. അവർ കേന്ദ്ര പരിസ്ഥിതി, വനം, കാലാവസ്ഥ വ്യതിയാന മന്ത്രാലയത്തിന്റെ പാരിസ്ഥിതിക അനുമതി ലഭിക്കുന്നതിനായി അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട് എൻവയോൺമെന്റ് ഇംപാക്ട് അസ്സസ്സ്മെന്റ് നോട്ടിഫിക്കേഷൻ പ്രകാരം എറണാകുളം ജില്ലയിൽ വച്ച് പബ്ലിക് ഹിയറിംഗ് നടത്തുന്നതാണ്. പ്രസ്തുത പദ്ധതിയെയും പബ്ലിക് ഹിയറിംഗിനെയും സംബന്ധിക്കുന്ന വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| അപേക്ഷകൻ | ജനറൽ മാനേജർ (വാട്ടർ ട്രാൻപോർട്ട്), കൊച്ചി മെട്രോ റെയിൽ ലിമിറ്റഡ് (കെഎംആർഎൽ), (വാട്ടർ മെട്രോ പ്രോജക്ട്), 8-ാം നില, റവന്യൂ ടവർ, പാർക്ക് അവന്യൂ, കൊച്ചി - 682 011. |
| പദ്ധതി പ്രദേശവും<br><br>മുഖ്യ പ്രവർത്തനങ്ങളും | എറണാകുളം ജില്ലയിലെ ചേരാനല്ലൂർ ഗ്രാമ പഞ്ചായത്ത്, കടമക്കുടി ഗ്രാമ പഞ്ചായത്ത് മുളവുകാട് ഗ്രാമ പഞ്ചായത്ത്, വാരാപ്പുഴ ഗ്രാമ പഞ്ചായത്ത്, ഇളക്കുന്നപ്പുഴ ഗ്രാമ പഞ്ചായത്ത്, കുമ്പളം ഗ്രാമ പഞ്ചായത്ത്, ഞാറയ്ക്കൽ പഞ്ചായത്ത്, തൃക്കാക്കര മുനിസിപ്പാലിറ്റി, തൃപ്പൂണിത്തുറ മുനിസിപ്പാലിറ്റി, മരട് മുനിസിപ്പാലിറ്റി, ഏലൂർ മുനിസിപ്പാലിറ്റി, കൊച്ചി കോർപ്പറേഷൻ<br><br>യാത്രക്കാർക്കുള്ള 45 ബോട്ടു ടെർമിനലുകളുടെയും 2 ബോട്ട് യാർഡുകളുടെയും നിർമ്മാണം |
| കൺസൾട്ടന്റ് | വാപ്കോസ് ലിമിറ്റഡ്, 76 സി, സെക്ടർ 18, ഗുഡ്ഗാവ്, ഹരിയാന- 122 015 ഇന്ത്യ. |
| പദ്ധതി മൂലധനം | 819 കോടി രൂപ |
| പരിസ്ഥിതി പ്രശ്നങ്ങളും മലിനീകരണ സാധ്യതകളും | പദ്ധതിയുടെ കൃത്യനിർവ്വഹണത്തിന്റെയും നടത്തിപ്പിന്റെയും ഫലമായി ഭൂതലം, ജലം, വായു, ശബ്ദം, സാമൂഹിക – സാമ്പത്തികം തുടങ്ങിയവയിലുണ്ടാകുന്ന പ്രശ്നങ്ങൾ |
| പബ്ലിക് ഹിയറിംഗിന്റെ തീയതി, സമയം, സ്ഥലം | 23/07/2018, രാവിലെ 11.00 മണിക്ക്, കളക്ടറേറ്റ് കോൺഫെറൻസ് ഹാൾ, കാക്കനാട്, എറണാകുളം |

ഈ പദ്ധതി സംബന്ധിച്ച വിവരങ്ങൾ താഴെ പറയുന്ന ഓഫീസുകളിൽ അറിവിലേയ്ക്കും പരിശോധനയ്ക്കും ലഭ്യമാണ്.

1. ജില്ലാ കളക്ടറുടെ ഓഫീസ്, എറണാകുളം
2. ജില്ലാ വ്യവസായ കേന്ദ്രം, എറണാകുളം
3. ജില്ലാ പഞ്ചായത്ത് ഓഫീസ്, എറണാകുളം
4. കൊച്ചി കോർപ്പറേഷൻ
5. ഏലൂർ മുനിസിപ്പാലിറ്റി
6. മരട് മുനിസിപ്പാലിറ്റി
7. തൃപ്പൂണിത്തുറ മുനിസിപ്പാലിറ്റി
8. തൃക്കാക്കര മുനിസിപ്പാലിറ്റി
9. കണയന്നൂരിലെ ഞാറയ്ക്കൽ പഞ്ചായത്ത്
10. കുമ്പളം ഗ്രാമ പഞ്ചായത്ത്
11. ഇളക്കുന്നപ്പുഴ ഗ്രാമ പഞ്ചായത്ത്
12. വാരാപ്പുഴ ഗ്രാമ പഞ്ചായത്ത്
13. മുളവുകാട് ഗ്രാമ പഞ്ചായത്ത്
14. കടമക്കുടി ഗ്രാമ പഞ്ചായത്ത്
15. ചേരാനല്ലൂർ ഗ്രാമ പഞ്ചായത്ത്
16. പരിസ്ഥിതി-കാലാവസ്ഥ വ്യതിയാന വകുപ്പ്, പള്ളിമുക്ക് പേട്ട, തിരുവനന്തപുരം
17. ശാസ്ത്ര-സാങ്കേതിക വകുപ്പ്, ശാസ്ത്ര ഭവൻ, പട്ടം, തിരുവനന്തപുരം
18. കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ്, ജില്ലാ ഓഫീസ് -1 എറണാകുളം
19. കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ്, സർവയലൻസ് സെന്റർ, ഏലൂർ
20. കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ്, മേഖല ഓഫീസ്, എറണാകുളം
21. കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ്, ഹെഡ് ഓഫീസ്, തിരുവനന്തപുരം - 695 004

ഈ പദ്ധതി സംബന്ധിച്ചുള്ള വിവരങ്ങൾ ബോർഡിന്റെ വെബ്സൈറ്റിൽ (www.keralapcb.nic.in) ലഭ്യമാണ്. പദ്ധതി സംബന്ധിച്ചുള്ള പരിസ്ഥിതി കാര്യങ്ങളിൽ പൊതു ജനങ്ങൾക്കുള്ള അഭിപ്രായങ്ങൾ ഈ അറിയിപ്പിന്റെ പ്രസിദ്ധീകരണ തീയതി മുതൽ 30 ദിവസത്തിനകം താഴെ കാണുന്ന വിലാസത്തിൽ എഴുതി അറിയിക്കാവുന്നതാണ്.

**ശ്രീ. എം.എ.ബൈജു,**
**ചീഫ് എൻവയൺമെന്റൽ എഞ്ചിനീയർ,**
**മേഖലാ ഓഫീസ്, എറണാകുളം**

**(ഫോൺ : 9447975708 email : pcbroekm@gmail.com)**

കൂടാതെ പൊതുജനങ്ങൾക്ക് അവരുടെ അഭിപ്രായങ്ങൾ നേരിട്ട് വാക്കാലോ, രേഖാമൂലമോ, പബ്ളിക് ഹിയറിംഗ് സമയത്തും അവതരിപ്പിക്കാവുന്നതാണ്.

**കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിനുവേണ്ടി,**

**മെമ്പർ സെക്രട്ടറി (i/c)**